# കില
## വാർത്താപത്രിക

VOLUME-11
ISSUE-1
JANUARY 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in




ചെലവു കുറഞ്ഞ-പ്രകൃതി സൗഹൃദ വീടുനിർമ്മാണത്തെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ മുൻ ചീഫ് സെക്രട്ടറി **എസ്.എം.വിജയാനന്ദ്** മുഖ്യപ്രഭാഷണം നടത്തുന്നു

## ജനങ്ങളിൽ പരിസ്ഥിതിബോധം കുറഞ്ഞുവരുന്നു:എസ്. എം. വിജയാനന്ദ്

**കാലാവസ്ഥാവ്യതിയാനം** മൂലം കൂടുതൽ നാശം സംഭവിക്കുന്നതു കേരളത്തിലായിരിക്കുമെന്നു മുൻ ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ്. ചെലവു കുറഞ്ഞ-പ്രകൃതി സൗഹൃദ വീടുനിർമ്മാണത്തെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പരിസ്ഥിതിയിലുണ്ടാകുന്ന ദോഷങ്ങളാണ് കാലാവസ്ഥാവ്യതിയാനത്തിന്റെ മുഖ്യകാരണം. പരിസ്ഥിതിക്കു നാശം സംഭവിച്ചാൽ പാവപ്പെട്ടവരെയാണ് ആദ്യം ബാധിക്കുക. പക്ഷേ ജനങ്ങളുടെ പരിസ്ഥിതി ബോധം കുറഞ്ഞു വരികയാണ്. വനം നശീകരണം ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നതല്ല ലൈഫ് മിഷനെന്നും അദ്ദേഹം പറഞ്ഞു.

കോസ്റ്റ്ഫോഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ടി.ആർ. ചന്ദ്രദത്ത് ആമുഖാവതരണം നടത്തി. കില പ്രൊഫ.ഡോ. സണ്ണി ജോർജ് അദ്ധ്യക്ഷത വഹിച്ചു. ലൈഫ് പദ്ധതികളുടെ നിർമ്മാണത്തെക്കുറിച്ച് സി.ചന്ദ്രബാബുവും ഹരിതനിർമ്മാണ രീതികളെപ്പറ്റി കെ.ജി.ദേവപ്രിയനും സംസാരിച്ചു. ജില്ലയിലെ വിവധ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്തുകളിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, എഞ്ചിനീയറിംഗ് കോളേജുകളിലേയും പോളിടെക്നിക്കുകളിലേയും തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്. കിലയും കോസ്റ്റ്ഫോഡും സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചത്.

## പാലിയേറ്റീവ് കെയർ നേഴ്സുമാരുടെ ഹോണറേറിയം വർദ്ധിപ്പിച്ചു

**സംസ്ഥാനത്ത്** ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേററീവ് കെയർ നേഴ്സുമാരുടെ ഹോണറേറിയം നിലവിലുള്ള 10,000/- രൂപയിൽനിന്ന് 15,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായി. 1.6.2017 മുതൽ പുതുക്കിയ നിരക്കിനു പ്രാബല്യമുണ്ടായിരിക്കും. 2003 മുതൽ പ്രതിമാസം 3000/- രൂപ നിരക്കിൽ ജോലി ചെയ്തിരുന്നവരും ഇപ്പോഴും തുടരുന്നവരുമായ നേഴ്സുമാരെ പിരിച്ചുവിടാൻ പാടുള്ളതല്ല. പ്രോജക്ട് നിലനിൽക്കുന്ന കാലത്തോളം അവരെ തുടരാൻ അനുവദിക്കേണ്ടതാണ്. ഔദ്യോഗിക ആവശ്യങ്ങൾക്കു നടത്തുന്ന യാത്രകൾക്കു യാത്രാചെലവും നൽകാവുന്നതാണ്. കോൺട്രാക്ട് ജീവനക്കാർക്കു നിയമാനുസൃതം അനുവദിക്കാവുന്ന പ്രസവാവധിയും ഇവർക്കു അനുവദിക്കേണ്ടതാണ്. ഇതിനാവശ്യമായ തുക പാലിയേറ്റീവ് കെയർ പദ്ധതിയിൽ പെടുത്തി പ്ലാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ നൽകേണ്ടതാണ്.



വയനാട് ജില്ലയെ ബാലസൗഹൃദ ജില്ലയാക്കുന്നതുമായി ബന്ധപ്പെട്ട് കൽപ്പറ്റ ജില്ല ആസൂത്രണഭവൻ ഹാളിൽ കില സംഘടിപ്പിച്ച ഏകദിന ശില്പശാല

# വയനാട് ജില്ലയെ ബാലസൗഹൃദ ജില്ലയാക്കും

**വ**യനാട് ജില്ലയെ ബാലസൗഹൃദ ജില്ലയാക്കുന്നതുമായി ബന്ധപ്പെട്ട് ഏകദിന ശില്പശാല കൽപ്പറ്റ ജില്ല ആസൂത്രണഭവൻ ഹാളിൽ സംഘടിപ്പിച്ചു. ജില്ല ആസൂത്രണസമിതിയിലെ സർക്കാർ നോമിനി സി.കെ.ശിവരാജൻ അദ്ധ്യക്ഷത വഹിച്ചു. ജില്ല പ്ലാനിംഗ് ഓഫീസിലെ റിസർച്ച് ഓഫീസർ സി.പി.സുധീഷ് സ്വാഗതമാശംസിച്ചു. കില എക്സ്റ്റൻഷൻ ഫാക്കൽറ്റി ആർ. രാമചന്ദ്രൻ നായർ ആമുഖാവതരണം നടത്തി. എ.ഡി.സി. ജനറൽ പി.സി.മജീദ്, കെ.എസ്. ശ്രീജിത്ത് എന്നിവർ ആശംസകളർപ്പിച്ചു. ജില്ലയിലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജില്ലാതല വകുപ്പു മേധാവികളുമടക്കം 179 പേർ ശില്പശാലയിൽ സംബന്ധിച്ചു.

മീനങ്ങാടി, നൂൽപ്പുഴ, എടവക ഗ്രാമപഞ്ചായത്തുകളിലും കൽപ്പറ്റ നഗരസഭയിലും ബാലസൗഹൃദ തദ്ദേശഭരണത്തിൽ കില നൽകിയ പരിശീലനവും തുടർന്ന് അവർക്കുണ്ടായ അനുഭവങ്ങളും അവിടങ്ങളിൽനിന്നുള്ള പ്രതിനിധികൾ വിവരിച്ചു. കുട്ടികളുടെ സംരക്ഷണ-പരിപാലന വെല്ലുവിളികളെസംബന്ധിച്ച് സി.കെ.ദിനേശനും വിവരശേഖരണത്തപ്പറ്റി മോയിയും സംസാരിച്ചു. കില പ്രോജക്ട് കോർഡിനേറ്റർ കെ.ജി.സജീവ് കർമ്മപരിപാടി അവതരിപ്പിച്ചു




കാസർകോഡ് ജില്ലയുടെ കരടു പദ്ധതിരേഖ അവതരണയോഗത്തിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തുന്നു

# കാസർകോഡിന്റെ വികസനത്തിനു തനതായ പദ്ധതികൾ വേണം: കില ഡയറക്ടർ

**കാ**സർകോഡിന്റെ വിവിധ വികസനമേഖലകളിൽ തനതായ പദ്ധതികൾക്കു രൂപം നൽകണമെന്നും ഇത്തരം പദ്ധതികൾക്കു സംസ്ഥാന സർക്കാരിന്റെ സഹായം ലഭ്യമാകുമെന്നും കില ഡയറക്ടർ ഡോ.ജോയ് ഇളമൺമ പറഞ്ഞു. ജില്ലാപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി 19 വിഷയമേഖലാ ഉപസമിതികൾ തയ്യാറാക്കിയ കരടു പദ്ധതി രേഖ അവതരണയോഗത്തിൽ ആമുഖപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിവിധ വിഷയമേഖലകളിൽ കൃത്യമായ ഡാറ്റായുടെ അടിസ്ഥാനത്തിൽ വികസനത്തിന്റെ മുൻഗണനകൾ തയ്യാറാക്കി കുറ്റമറ്റ രേഖ തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു. ജനുവരി മൂന്നാം വാരത്തിൽ നടക്കുന്ന സംസ്ഥാന വികസന കൗൺസിലിൽ അവതരിപ്പിക്കുന്ന ജില്ലാപദ്ധതി, ജില്ലയുടെ വികസനചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറണം. ജില്ലാ ആസൂത്രണസമിതി ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റും ആസൂത്രണസമിതി ചെയർമാനുമായ എ.ജി.സി ബഷീർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കലക്ടർ കെ.ജീവൻ ബാബു പദ്ധതികൾ അവലോകനം ചെയ്തു സംസാരിച്ചു. സംസ്ഥാന റിസോഴ്സ് ടീം അംഗങ്ങളായ ടി.ഗംഗാധരൻ, എൻ.ജഗ്ജീവൻ, കെ.കെ.ജനാർദ്ദനൻ, പി.വി.രത്നാകരൻ എന്നിവർ പദ്ധതികൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി. ജില്ല പ്ലാനിംഗ് ഓഫീസർ കെ.എം.സുരേഷ്, ഡി.പി.സിയിലെ സർക്കാർ നോമിനി കെ.ബാലകൃഷ്ണൻ, അസി. ഡി.പി.ഒ നിനോജ്, ജില്ലാ കോർഡിനേറ്റർ പി.വി.പത്മനാഭൻ എന്നിവർ നേതൃത്വം നൽകി.



കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തിൽ സ്ത്രീകൾക്കുള്ള പങ്കിനെക്കുറിച്ചറിയാൻ ശ്രീലങ്കയിലെ തദ്ദേശഭരണവകുപ്പു മന്ത്രി ഫൈസർ മുസ്തഫയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം കില സന്ദർശിച്ചപ്പോൾ

# സ്ത്രീശാക്തീകരണം: കേരളത്തിന്റെ പ്രവർത്തനം പ്രശംസനീയമെന്ന് ശ്രീലങ്കൻ മന്ത്രി

**സ്ത്രീ**ശാക്തീകരണപരിപാടിയിൽ കേരളത്തിന്റെ പ്രവർത്തനം പ്രശംസനീയമാണെന്നു ശ്രീലങ്കയിലെ തദ്ദേശ ഭരണവകുപ്പു മന്ത്രി ഫൈസർ മുസ്തഫ. കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തിൽ സ്ത്രീകൾ ക്കുള്ള പങ്കിനെക്കുറിച്ചറിയാൻ മന്ത്രിയുടെ നേതൃത്വത്തിൽ കിലയിലെത്തിയ ഉന്നതല ശ്രീലങ്കൻ സംഘത്തിനു നൽകിയ സ്വീകരണപരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. ശ്രീലങ്കൻ കോൺസൽ ജോമോൻ ജോസഫ് സംഘാംഗങ്ങളെ പരിചയപ്പെടുത്തി. ശ്രീലങ്കൻ തദ്ദേശഭരണവകുപ്പു അഡീഷ്ണൽ സെക്രട്ടറി എസ്.ഡി.എ.ബി.ബോറലീസാ, ലോകബാങ്ക് പ്രതിനിധി ബാലകൃഷ്ണമേനോൻ സി.ഡി.എസ് ചെയർപേഴ്സൺ ജയഭാരതി, കുടുംബശ്രീ റിസോഴ്സ് പേഴ്സൺ ബിന്ദു വിൽസൺ തുടങ്ങിയവർ സംസാരിച്ചു.

ശ്രീലങ്കയിലെ പ്രാദേശികഭരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സംഘം കിലയിലെത്തിയത്.ശ്രീലങ്കൻ തദ്ദേശഭരണമന്ത്രാലയത്തിന്റെ അഡീഷ്ണൽ സെക്രട്ടറി, മൂന്നു പ്രോവിൻസുകളിൽനിന്നുള്ള ചീഫ് സെക്രട്ടറിമാർ, കമ്മീഷ്ണർമാർ, പ്രോജക്ട് കോർഡിനേറ്റർ, ശ്രീലങ്കൻ ഇൻസ്ററിറ്റ്യൂട്ട് ഓഫ് ലോക്കൽ ഗവേണൻസിലെ പ്രോഗ്രാം ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (ഓപ്പറേഷൻ) തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.



ഗ്രാമവികസനവകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കു മണ്ണുത്തി കില കേന്ദ്രത്തിൽ സംഘടിപ്പിച്ച ഇൻ സർവ്വീസ് പരിശീലനം

# മണ്ണുത്തി കില കേന്ദ്രത്തിൽ വി.ഇ.ഒമാർക്കു ഇൻസർവീസ് പരിശീലനം

ഗ്രാമവികസനവകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓ ഫീസർമാർക്കുള്ള ഇൻ സർവ്വീസ് പരിശീലനം മണ്ണുത്തി കില സെന്റർ ഫോർ ഗുഡ് ഗവേണൻസ് പരിശീലനകേന്ദ്ര ത്തിൽ പൂർത്തിയായി. വിവിധ ജില്ലകളിൽനിന്നുള്ള 22 ഉദ്യോഗസ്ഥർ 30 ദിവസം നീണ്ടുനിന്ന പരിശീലനത്തിൽ പങ്കെടുത്തു. ഒക്ടോബർ 19 നു പരിശീലനം തുടങ്ങി. രാവിലെ 8.30 മുതൽ വൈകീട്ട് 7.30 വരെയായിരുന്നു പരിശീലനം. കൂടാതെ രാവിലെ 6 മണി മുതൽ 1 മണിക്കൂർ സമയം യോഗ പരിശീലനവുമുണ്ടായിരുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, വികേന്ദ്രീകൃതാസൂത്രണം, ഗ്രാമവികസനചരിത്രവും വിവിധഗ്രാമവികസനപദ്ധതികളും, റൂറൽ എൻജിനീയറിംഗ്, കൃഷി, നീർത്തടപരിപാലനം, മൃഗസംരക്ഷണം, എക്സ്റ്റൻ എജ്യുക്കേഷൻ, റൂറൽ സോഷ്യോളജി, ആരോഗ്യവും പോഷകാഹാരവും ശുചിത്വവും, റൂറൽ എക്കണോമിക്സ്, റൂറൽ ഇൻഡസ്ട്രീസ് തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കില സെന്റർ ഫോർ ഗുഡ്ഗവേണൻസിലെ കോ-ഓപറേഷൻ വിഭാഗം അധ്യാപകൻ കെ.കെ.ജയരാമനായിരുന്നു പരിശീലനത്തിന്റെ കോർഡിനേറ്റർ. പരിശീലനത്തോടനുബന്ധിച്ചുള്ള പരീക്ഷകൾ നവംബർ 27 മുതൽ ഡിസംബർ 11 വരെയായിരുന്നു.



പ്രാദേശികഭരണത്തെക്കുറിച്ച് കോളേജ് വിദ്യാർത്ഥികൾക്കു കിലയിൽ സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് കോഴ്സ് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

# കോളേജ് വിദ്യാർത്ഥികൾക്കു കിലയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

**പ്രാ**ദേശികഭരണത്തെക്കുറിച്ച് കോളേജ് വിദ്യാർത്ഥികൾക്കുള്ള ആറാഴ്ച നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് കിലയിൽ ആരംഭിച്ചു. തൃശ്ശൂർ വിമല കോളേജിൽനിന്നുള്ള 70 പേരാണ് ആദ്യബാച്ചിൽ പങ്കെടുത്തത്. ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് കോളേജ് അധികൃതർ തന്നെ അഭിമുഖം നടത്തിയാണ് താൽപര്യമുള്ളവരെ തെരഞ്ഞെടുത്തത്. പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോളേജ് വൈസ് പ്രിൻസിപ്പൽ സിസ്റ്റർ നമിത അദ്ധ്യക്ഷയായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.പീററർ.എം. രാജ് ആമുഖാവതരണം നടത്തി. കോളേജ് അസോസിയേറ്റ് പ്രൊഫ.ഡോ.മിനി കെ.ജോസ്, വിദ്യാർത്ഥി പ്രതിനിധി റജീന റസാഖ് എന്നിവർ സംസാരിച്ചു.

ഇന്ത്യയിലെ ജനാധിപത്യ അധികാരവികേന്ദ്രീകരണം, അധികാരവികേന്ദ്രീകരണത്തിന്റെയും പ്രാദേശിക സർക്കാരുകളുടേയും ചരിത്രം, കേരളത്തിലെ പ്രാദേശിക ഭരണസംവിധാനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് എം.രേണുകുമാർ, ഡോ. പീറ്റർ എം. രാജ്, എ.പി. ഹംസക്കുട്ടി എന്നിവർ ക്ലാസ്സെടുത്തു. ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ളത്. പരീക്ഷയും പഠനസന്ദർശനവും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വന്തം പഞ്ചായത്തുകളിലോ അവരവർക്കു താൽപര്യമുള്ള മറ്റു തദ്ദേശസ്ഥാപനങ്ങളിലോ പഠനസന്ദർശനത്തിനു സൗകര്യമൊരുക്കും. ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്താൻ താൽപര്യമുള്ള വിദ്യാർത്ഥികൾക്കു അതിനുള്ള സൗകര്യമേർപ്പെടുത്തുന്ന കാര്യവും കില പരിഗണിക്കുന്നുണ്ട്. വിദ്യാർത്ഥികളേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പ്രാദേശിക ഭരണസംവിധാനവുമായി അടുപ്പിക്കുക എന്നതും ഈ കോഴ്സിന്റെ ലക്ഷ്യമാണ്. ബാലസൗഹൃദ തദ്ദേശഭരണത്തെക്കുറിച്ച് ജനപ്രതിനിധികൾക്കു ഒരു വർഷ ത്തെ പി.ജി.ഡിപ്ലോമ കോഴ്സും പ്രാദേശികഭരണത്തെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കു ആറുമാസത്തെ ഡിപ്ലോമാകോഴ്സും കില നേരത്തെ നടത്തിയിരുന്നു.

## ജീവനക്കാർ പൊതുജനങ്ങളോടു മാന്യമായി പെരുമാറണം

**കേ**രളത്തിലെ സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളോടു മാന്യമായി പെരുമാറണമെന്നും അവരുടെ ആവശ്യങ്ങൾക്കു അർഹമായ പരിഗണന നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ട് കേരള സർക്കാർ 24.6.2015 ലെ 7995/എ.ആർ.13(2)15/ഉ ഭ പ വ.നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനു വിരുദ്ധമായ പെരുമാറ്റങ്ങൾ ചില സ്ഥാപനങ്ങളിലെങ്കിലും കാണുന്നതായി ശ്രദ്ധയിൽ പെട്ടതിനാൽ പഞ്ചായത്തു ഡയറക്ടറേറ്റിൽനിന്ന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ജീവനക്കാരുടെ ശ്രദ്ധയ്ക്കും കർശനമായി പാലിക്കുന്നതിനുമായി പുറപ്പെടുവിച്ചിട്ടുണ്ട്.

- ഓഫീസിൽ വരുന്ന പൊതുജനങ്ങളോട് പ്രത്യേകിച്ച് മുതിർന്ന പൗരന്മാരും ഭിന്നശേഷിക്കാരുമായവരോട് മാന്യമായി പെരുമാറണം.
- മുതിർന്ന പൗരന്മാരുടേയും ഭിന്നശേഷിക്കാരുടേയും ആവശ്യങ്ങൾക്കു മുന്തിയ പരിഗണന നൽകണം. കാലതാമസമുണ്ടാകുന്ന പക്ഷം കാര്യകാരണസഹിതം അവരെ ബോധ്യപ്പെടുത്തണം.
- ഇപ്രകാരം പ്രവർത്തിക്കാത്ത ജീവനക്കാർക്കെതിരെയുള്ള പരാതികളിൽ ഗ്രാമപഞ്ചായത്തുകളിൽ പ്രസിഡന്റ്/സെക്രട്ടറി എന്നിവരും മറ്റ് ഓഫീസുകളിൽ ഓഫീസ് തലവനും നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ കഴിവതും അപ്പോൾ തന്നെ ജീവനക്കാരെ വിളിച്ച് പരിഹരിക്കേണ്ടതും അത്തരം വിഷയങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ചുമതല ഓഫീസ് സൂപ്പർവൈസർമാക്കു നൽകേണ്ടതുമാണ്.
- ഫോണിലൂടെയുള്ള അന്വേഷണങ്ങൾക്കു വ്യക്തമായ ഉത്തരം നൽകണം. ബന്ധപ്പെട്ട സെക്ഷൻ ഉദ്യോഗസ്ഥൻ അവധിയാണെങ്കൽ ആയതു അന്വേഷകരെ ബോദ്ധ്യപ്പെടുത്തണം. ഫോൺ മെസ്സേജ് രജിസ്റ്ററിൽ ആ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.
- ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള തിരിച്ചറിയൽ കാർഡ് ധരിച്ചുവേണം ഓഫീസ് സമയങ്ങളിൽ സേവനമനുഷ്ഠിക്കാൻ. ഓഫീസ് മേധാവി ഇക്കാര്യം ഉറപ്പുവരുത്തണം.
- ജീവനക്കാരുടെ പേരുവിവരവും ജോലി വിഭജനവും പൊതുജനങ്ങൾക്കു ദൃശ്യമാകുന്ന തരത്തിൽ പ്രദർശിപ്പിക്കണം.
- മേൽ നിർദ്ദേശങ്ങൾ ലംഘിക്കുന്നതു ശ്രദ്ധയിൽപെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ അന്വേഷിച്ചു പരിഹരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് ഡി.5–20828/17നമ്പറായി 1.11.2017ൽ പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.




കുട്ടികൾക്കുള്ള ജില്ലാതല കർമ്മപരിപാടി തയ്യാറാക്കുന്നതിനെക്കുറിച്ചാലോചിക്കാൻ കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല കൂട്ടായ്മയിൽ തൃശ്ശൂർ ജില്ലാപഞ്ചായത്തു പ്രസിഡന്റും ജില്ല ആസൂത്രണസമിതി ചെയർപേഴ്സണുമായ മേരി തോമസ് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

# കുട്ടികൾക്കുള്ള ജില്ലാതല കർമ്മപരിപാടി: കിലയിൽ സംസ്ഥാനതല കൂട്ടായ്മ

**ബാ**ലസൗഹൃദ ജില്ല ലക്ഷ്യമിട്ട് കുട്ടികൾക്കുള്ള ജില്ലാതല കർമ്മപരിപാടി തയ്യാറാക്കുന്നതിനെക്കുറിച്ചാലോചിക്കാൻ കിലയിൽ സംസ്ഥാനതല കൂട്ടായ്മ സംഘടിപ്പിച്ചു. തൃശ്ശൂർ ജല്ലാപഞ്ചായത്തു പ്രസിഡന്റും ജില്ല ആസൂത്രണസമിതി ചെയർപേഴ്സണുമായ മേരി തോമസ് അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ടി. ഉഷാകുമാരി, യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ഡോ. അകില രാധാകൃഷ്ണൻ, കില അസോ.പ്രൊഫ. ഡോ.പീറ്റർ.എം.രാജ്, ഡോ.കെ.ആർ. ആന്റണി, തൃശ്ശൂർ ജില്ലാപഞ്ചായത്ത് ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മിറ്റിചെയർപേഴ്സൺ പത്മിനി ടീച്ചർ, കെ.ജി സജീവ് എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്തുകളായ മറ്റത്തൂർ(തൃശ്ശൂർ), വെങ്ങാനൂർ (തിരുവനന്തപുരം), ശ്രീകൃഷ്ണപുരം (പാലക്കാട്) കോട്ടയ്ക്കൽ നഗരസഭ (മലപ്പുറം) എന്നിവടങ്ങളിൽനിന്നുള്ള പ്രതിനിധികൾ തങ്ങളുടെ തദ്ദേശസ്ഥാപനങ്ങളിൽ നടത്തിയ ശിശുസൗഹൃദപ്രവർത്തനങ്ങൾ പങ്കുവച്ചു. ബാലസൗഹൃദ തദ്ദേശഭരണം, കുട്ടികളുടെ ഗ്രാമസഭ എന്നിവയും കൂട്ടായ്മയുടെ ലക്ഷ്യങ്ങളാണ്.



നഗരശുചിത്വ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷനുകളിലേയും നഗരസഭകളിലേയും ഉദ്യോഗസ്ഥർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനം

# നഗരശുചിത്വ പദ്ധതി രൂപീകരണം മാർച്ച് 31 നകം പൂർത്തിയാക്കും

**സം**സ്ഥാനത്തെ മുഴുവൻ നഗരസഭകളിലും മാർച്ച് 31 നകം നഗരശുചിത്വ പദ്ധതി രൂപീകരിക്കാൻ തീവ്രശ്രമം. 26 നഗരസഭകളിൽ ഇതിനകം പദ്ധതിരൂപീകരണം പൂർത്തിയായി. ശുചിത്വ പരിപാലനത്തിനു പ്രത്യേക പദ്ധതി (സിറ്റി സാനിറ്റഷൻ പ്ലാൻ) തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ അർബൻ സാനിറ്റേഷൻ നയത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കുന്നത്. ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച സമഗ്ര ശുചിത്വ പദ്ധതിയുടെ പ്രാധാന്യം കൂടി ഉൾക്കൊണ്ടാണ് നഗരസഭകൾ പദ്ധതി തയ്യാറാക്കുക. ഇതുമായി ബന്ധപ്പെട്ട് നഗരസഭകളിലേയും കോർപ്പറേഷനുകളിലേയും സെക്രട്ടറിമാർ, എഞ്ചിനിയർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്കു കിലയിൽ രണ്ടുദിവസത്തെ പരിശീലനം നൽകി. കില പ്രൊഫ.ഡോ. സണ്ണി ജോർജ് ഉദ്ഘാടനം ചെയ്തു. കോർഡിനേററർ കെ. ഗോപാലകൃഷ്ണൻ പരിശീലനപരിപാടി വിശദീകരിച്ചു. കിലയും ജർമ്മൻ സർക്കാർ സ്ഥാപനമായ ജി.ഐ.ഇസെഡും ശുചിത്വമിഷനും സംയുക്തമായാണ് പരിശീലനം നടത്തുന്നത്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കൊച്ചി കോർപ്പറേഷനുകളിലേയും 55 നഗരസഭകളിലേയും ഉദ്യോഗസ്ഥരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

# ചോദ്യങ്ങൾക്കു മറുപടി

? ജില്ലാപഞ്ചായത്തുവക ഒരു കെട്ടിടത്തിനു നഗരസഭ വസ്തുനികുതി ചുമത്തി നോട്ടീസ് നൽകി. നടപടി ശരിയാണോ?

● നടപടി തെറ്റാണ്.1994 ലെ കേരള മുനിസിപ്പൽ ആക്ടിലെ വകുപ്പു 235(1)(എച്ച്) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.(1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും തദ്ദേശ സ്വയംഭരണസ്ഥാപനത്തിനു വിട്ടുകൊടുക്കുന്ന സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങളും ഇത്തരത്തിൽ ഒഴിവാക്കിയിട്ടുണ്ട്.(വകുപ്പു 207(1)(എച്ച്)

? ചരക്കുസേവനനികുതി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഈടാക്കിവന്നിരുന്ന ഏതെല്ലാം നികുതികളാണ ഒഴിവാക്കപ്പെട്ടത്?

● സർക്കാരിന്റെ 24.16.2017 ലെ (എം.എസ്) 123/2017 തസ്വഭവ നമ്പർ ഉത്തരവുപ്രകാരം വിനോദനികുതിയും 2017 ലെ ജി.എസ്.ടി.ആക്ട് പ്രകാരം പരസ്യനികുതിയും ഒഴിവാക്കിയിട്ടുണ്ട്.(കെ.പി.ആർ ആക്ടിലെ 209-ാം വകുപ്പും കെ.എം.ആക്ടിലെ 271-ാം വകുപ്പും നീക്കം ചെയ്തു.)

? ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്ന പദ്ധതി നടപ്പിലാക്കുമ്പോൾ ഉടമയുമായി തദ്ദേശസ്ഥാപനങ്ങൾ കരാർ വയ്ക്കേണ്ടതുണ്ടോ?

● കരാർ വയ്ക്കണം. ലൈഫ് മിഷൻ പുതിയ പദ്ധതിയായതിനാൽ ഭവനപൂർത്തീകരണം എന്ന പദ്ധതി നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി മുദ്രപ്പത്രത്തിൽ കരാർ വയ്ക്കേണ്ടത് അത്യാവശ്യമാണ്.

? ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനു ഔഷധിയിലേക്കും ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനു ഹോംകോവിലേക്കും തുക അടച്ചാലും സമയത്തു മരുന്നു ലഭിക്കുന്നില്ല. ഇതുമൂലം രോഗികൾ വിഷമിക്കുന്നു. എന്തു ചെയ്യാൻ കഴിയും?

● ആയുർവേദ മരുന്നുകളും ഹോമിയോ മരുന്നുകളും നിശ്ചിത സമയത്തു ലഭിക്കുന്നില്ലെങ്കിൽ അവ ടെണ്ടർ നടപടിയിലൂടെ വാങ്ങുന്നതിനു മെഡിക്കൽ ഓഫീസർമാർക്കു അനുവാദം നൽകിയിട്ടുണ്ട്.(സർക്കുലർ നമ്പർ ഡി.എ.1/840/2017.തസ്വഭവ.16.12.17)

? കിണർ റീചാർജിങ്ങ് എന്ന പദ്ധതിക്കു യൂണിറ്റ് കോസ്ററ് എത്രയാണെന്നു പറയാമോ?

● കിണർ റീചാർജിങ് എന്ന പദ്ധതി നടപ്പാക്കുമ്പോൾ പരന്ന മേൽക്കൂരയുള്ള ഭവനങ്ങളിൽ യൂണിറ്റ് കോസ്റ്റ് 8,000/- രൂപയും ചെരിഞ്ഞ മേൽക്കൂരയുള്ള ഭവനങ്ങളിൽ 8,600/-രൂപയുമാണ് നൽകേണ്ടത്. ഫിൽറ്റർ മീഡിയം കൂടിയുണ്ടെങ്കിൽ 500/- രൂപ അധികം നൽകാം. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നിശ്ചയിക്കേണ്ടത്. പൊതുവിഭാഗത്തിനു 90% വും എസ്.സി/എസ്.ടി വിഭാഗത്തിനു 100% തുകയും മേൽ പറഞ്ഞ പ്രകാരം സബ്സിഡി നൽകാവുതാണ്. (സ.ഉ.(സാധാ) 3989/2017 തസ്വഭവ.തീയതി.12.12.17).സ്കൂളുകൾ, ആശുപത്രികൾ, തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ കിണർ റീചാർജ് ചെയ്യുന്നതിനു പ്രോജക്ട് തയ്യാറാക്കുമ്പോൾ പരന്ന മേൽക്കൂരയിൽ 20,500/- രൂപയും ചെരിഞ്ഞ മേൽക്കൂരയിൽ 24,500/- രൂപയും യൂണിറ്റ് കോസ്റ്റായി നിശ്ചയിക്കാവുന്നതാണ്. (സ.ഉ.(സാധാ) 3979/2017.തസ്വഭവ.12.12.17)

? പഞ്ചാബിൽനിന്നു വന്നു താമസിക്കുന്ന സിക്കുകാരുടെ വിവാഹ രജിസ്ട്രേഷൻ ഹിന്ദു മാര്യേജ് ആക്ടുപ്രകാരമോ പൊതു വിവാഹ ചട്ടങ്ങൾ പ്രകാരമോ രജിസ്ററർ ചെയ്യേണ്ടത്?

● പൊതു വിവാഹ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാം. ഇപ്പോൾ ആനന്ദ് മാര്യേജ് ആക്ട് പ്രകാരവും രജിസ്റ്റർ ചെയ്യാം.19.12.2017 ലെ കേരളത്തിലെ ചീഫ് രജിസ്ട്രാറുടെ ബി139550/17 നമ്പർ കത്തു പ്രകാരം, സർക്കാർ ഉത്തരവ് ജി.ഒ.(പി)1/2014/ നിയമം 25.11.14 ലെ കേരള ആനന്ദ് മാര്യേജ് രജിസ്ട്രേഷൻ ചട്ടം 2014 കേരളത്തിൽ നടപ്പാക്കണമെന്നും ആയതനുസരിച്ച് സോഫ്റ്റ് വെയറിൽ മാറ്റം വരുത്താൻ ഐ.കെ.എമ്മിനോടു നിർദ്ദേശിച്ചുട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.1914 ലെ ആനന്ദ് മാര്യേജ് രജിസ്ട്രേഷൻ ആക്ട് കൂടി കാണുക.

> **ചോദ്യങ്ങൾക്ക് മറുപടി**
> പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? ഒരു വ്യക്തിക്കു പദ്ധതി പ്രവർത്തനം വഴി കൊടുക്കുന്ന സബ്സിഡി ആനുകൂല്യത്തിനു പരിധി നിശ്ചയിച്ചിട്ടുള്ളതായി അറിഞ്ഞു. ഒരു പ്രോജക്ടിൽനിന്നുള്ള ആനുകൂല്യത്തിനോ അതോ ഒരു വ്യക്തിക്കു ലഭിക്കുന്ന മൊത്തം ആനുകൂല്യത്തിനോ പരിധി ഉള്ളത്?

● പദ്ധതി പ്രവർത്തനത്തിലൂടെ ആനുകൂല്യം നൽകുമ്പോൾ എടുത്തു പറഞ്ഞിരിക്കുന്ന ചില ഇനങ്ങളിൽ ഒഴികെ മറ്റ് എല്ലാ ആനുകൂല്യങ്ങൾക്കും കൂടി കുടുംബ വാർഷിക സബ്സിഡിക്കു പരിധി നിശ്ചയിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിനു ഒരു കുടുംബത്തിനു 30,000/- രൂപയും പട്ടികജാതി വിഭാഗത്തിനു 50,000/- രൂപയുമാണ് പരിധി. പട്ടികവർഗ്ഗത്തിനു പരിധിയില്ല. വിദേശത്തു പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും തൊഴിൽ തേടി വിദേശത്തു പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും ഭവനിർമ്മാണവുമായി ബന്ധപ്പെട്ടും തൊഴിൽ സംരഭക റിവോൾവിംഗ് ഫണ്ടും ഈ പരിധിയിൽ ഉൾപ്പെടുന്നതല്ല.

? വികസനാവശ്യത്തിനു സൗജന്യമായി ഭൂമി വിട്ടു നൽകിയവർക്കു കെട്ടിടനിർമ്മാണ ചട്ടത്തിൽ ഇളവനുവദിക്കാൻ അനുമതി ആവശ്യമുണ്ടോ?

● ഇല്ല.19.9.2013 ലെ സ.ഉ.(ആർ.ടി.) 2343/2015 തസ്വഭവ ഉത്തരവുപ്രകാരം രൂപീകരിക്കുന്ന പഞ്ചായത്ത് തല കമ്മിറ്റിക്കു ചട്ടം 82 നു അനുസൃതമായി ഇത്തരം അപേക്ഷയിൽ തീരുമാനം എടുക്കാവുന്നതാണ്.



22 വർഷത്തെ സേവനത്തിനുശേഷം കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയിൽ നിന്നു വിരമിച്ച പ്രൊഫ. ഡോ.പി.ലീലാകുമാരിക്കുള്ള ഉപഹാരം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സമ്മാനിക്കുന്നു.



കിലയിൽ വെർച്ചൽ ക്ലാസ്സ് റൂം വഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു സംഘടിപ്പിച്ച പരിശീലനം

# കുടിശ്ശിക ഈടാക്കൽ കാര്യക്ഷമമാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്കു പരിശീലനം

**കു**ടിശ്ശിക ഈടാക്കൽ കാര്യക്ഷമമാക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ കുടിശ്ശിക പിരിക്കാൻ വിപുലമായ ഒരുക്കങ്ങൾ തുടങ്ങി. ഇതിന്റെ നടപടിക്രമങ്ങളെക്കുറിച്ചും നിയമ നടപടികളെക്കുറിച്ചും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു അവബോധം നൽകുന്നതിനു കിലയിൽ പരിശീലനം സംഘടിപ്പിച്ചു. സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു കിലയിലെ വെർച്ചൽ ക്ലാസ്സ് റൂം വഴി 28 കേന്ദ്രങ്ങളിലായാണ് പരിശീലനം നൽകിയത്. കുടിശ്ശിക പിരിവിലൂടെ പഞ്ചായത്തുകളുടെ തനതു വരുമാനം വർദ്ധിപ്പിക്കാനും തദ്വാര പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കാനുമാണ് ലക്ഷ്യമിടുന്നത്. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, എം.ഗംഗാധരൻ നായർ, എം.കണ്ണൻ നായർ എന്നിവർ നേതൃത്വം നൽകി. കാലിക പ്രാധാന്യമുള്ള വിഷയങ്ങളെസംബന്ധിച്ച് പ്രതിമാസാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കു കില നടത്തിവരുന്ന തുടർച്ചയായ വികേന്ദ്രീകൃത പരിശീലന സംവിധാനത്തിന്റെ ഭാഗമായാണ് ഈ പരിശീലനം. പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായിട്ടാണ് ആദ്യഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു കില നേരിട്ടും തുടർന്ന് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ അതതു ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കും പരിശീലനം നൽകുന്നത്. കാലിക വിഷയങ്ങളെക്കുറിച്ച് എല്ലാ ജീവനക്കാർക്കും സമയബന്ധിതമായും ചെലവു കുറച്ചും പരിശീലനം നൽകാം എന്നതാണ് ഇതിന്റെ പ്രത്യേകത.



അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി എസ്.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി ഊർജിതമാക്കാൻ സർക്കാർ നടപടി

**ദേശീയ** ഗ്രാമീണ തൊഴുലുറപ്പുപദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് കായികാദ്ധ്വാനത്തിനു തയ്യാറുള്ളവർക്കു തൊഴിൽ ഉറപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി കൂടുതൽ കാര്യക്ഷമമാക്കി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഇതിനായി പദ്ധതിയുടെ സംസ്ഥാന കൗൺസിൽ പുനസ്സംഘടിപ്പിടിപ്പിക്കുകയും പ്രവർത്തന മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തു. പുതിയ മാർഗ്ഗരേഖ പ്രകാരം പ്രകൃതി വിഭവ പരിപാലനം, അവശതയനുഭവിക്കുന്നവർക്കുള്ള വ്യക്തിഗത ആസ്തികൾ, വരൾച്ചാപ്രതിരോധം, ശുചിത്വം, ഭൂമിവികസനം, ജലസംരക്ഷണം, കുടിവെള്ളം, കെട്ടിടനിർമ്മാണം തുടങ്ങിയ മേഖലകളിലെ പ്രവൃത്തികൾ നഗരസഭകൾക്ക ഏറ്റെടുക്കാം. ഈ പദ്ധതിക്കു ഊർജം പകരാനായി വിവിധ നഗരസഭകളിൽനിന്നുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ ആരംഭിച്ച പരിശീലനപരിപാടി അയ്യങ്കാളി പദ്ധതിയുടെ സംസ്ഥാന കൗൺസിൽ അംഗം എസ്.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു.അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി സംസ്ഥാന കോർഡിനേറ്റർ അഭിലാഷ് പരിശീലനപരിപാടി വിശദീകരിച്ചു. സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലേയും നഗരസഭകളിലേയും അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, എഞ്ചിനിയർ/ഓവർസിയർമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.



നഗരസഭകളിലെ ഉദ്യോഗസ്ഥർക്കു കിലയിൽ സംഘടിപ്പിച്ച മൂന്നുദിവസത്തെ പരിശീലനപരിപാടി

## നഗരസഭ ഉദ്യോഗസ്ഥർക്കു പരിശീലനം

**ന**ഗരസഭകളിലെ ഉദ്യോഗസ്ഥർക്കുള്ള കാര്യശേഷിവികസന പരിശീലനപരിപാടി കിലയിൽ സംഘടിപ്പിച്ചു. സൂപ്രണ്ടുമുതൽ ക്ലാർക്കുവരെയുള്ള ജീവനക്കാരാണ് മൂന്നുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്. കോർഡിനേറ്റർ ആർ.ബാലഗംഗാധരൻ പരിശീലനപരിപാടി വിശദീകരിച്ചു. നഗരസഭ സംവിധാനം, കേരള മുനിസിപ്പൽ ആക്ട്, പദ്ധതി ആസൂത്രണവും നിർവഹണവും,കേരള സർവീസ് റൂൾ, കേന്ദ്ര–സംസ്ഥാനവിഷ്കൃത പദ്ധതികൾ, ധനമാനേജ്മെന്റ്, നഗരാസൂത്രണം, ബിൽഡിംഗ് റൂൾസ്, പൊതുമരാമത്ത് ചട്ടങ്ങൾ, സാമൂഹ്യസുരക്ഷാപെൻഷനുകൾ, തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം. പി.എം. ദേവരാജൻ, വി.കെ.ഉണ്ണികൃഷ്ണൻ, അബ്ദുൾ റഷീദ്, അച്ചുതാനന്ദനുണ്ണി, എം.രേണുകുമാർ, കെ.വി.അനിൽകുമാർ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

## നെൽവയൽ–തണ്ണീർത്തട സംരക്ഷണനിയമവും കെട്ടിടനിർമ്മാണവും

**നെ**ൽവയൽ–തണ്ണീർത്തട സംരക്ഷണനിയമപ്രകാരം തയ്യാറാക്കിയ കരടു ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം/പാടം/ നെൽവയൽ/ തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്തുകയും 2008–ൽ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നികത്തുകയും ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങൾക്കു നിർമ്മാണ അനുമതി നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ വ്യക്തത വരുത്തിയിട്ടുണ്ട്. ഇത്തരം ഭൂമികളിൽ നിർമ്മാണ അനുമതിയോ ഓക്യുപെൻസിയോ നൽകുന്നതിനുമുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അഗ്രികൾച്ചർ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം സന്ദർശനം നടത്തി മേൽ ഭൂമി 12.8.2008 നു മുമ്പ് നികത്തപ്പെട്ടതാണെന്നു ഉറപ്പുവരുത്തി ശുപാർശ ചെയ്യാവുന്നതാണെന്നാണ് 22.12 2016 ലെ 994733 ആർ.എ.1/2016 തസ്വഭവ. സർക്കുലർ വഴി വ്യക്തമാക്കിയിട്ടുള്ളത്.എന്നാൽ ഇതു നടപ്പിൽ വരുത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച് തദ്ദശഭരണസ്ഥാപന സെക്രട്ടറിമാരിൽനിന്നും പൊതുജനങ്ങളിൽനിന്നും അനേകം പരാതികൾ സർക്കാരിനു ലഭിക്കുകയും ലൈഫ് പോലുള്ള ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിനു പല തടസ്സങ്ങൾ അനുഭവപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- റവന്യൂരേഖകളിൽ/ ബി.ടി.ആർ നിലം, പാടം, നെൽവയൽ, നഞ്ച, തണ്ണീർത്തടം, വെറ്റ് ലാന്റ് തുടങ്ങിയ പേരുകളിൽ രേഖപ്പെടുത്തുകയും 12.8.2008 നു മുമ്പ് നികത്തിയതോ നികത്തപ്പെട്ടതോ ആയ കാരണം കൊണ്ട് നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സർക്കാർ തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ നഗരപ്രദേശങ്ങളിൽ 5 സെന്റും നഗരേതര പ്രദേശങ്ങളിൽ 10 സെന്റും വരെയുള്ള ഭൂമികളിൽ വീടുവയ്ക്കുന്നതിനും ലൈഫ് മിഷൻ ഉൾപ്പെടെയുള്ള സർക്കാർ പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്കു നിർമ്മാണ അനുമതി/ ഓക്യുപെൻസി/പെർമിറ്റ് എന്നിവ നൽകേണ്ടതാണ്. ഈ ഭൂപരിധിക്കകത്ത് ഇതിനകം വീടുനിർമ്മിച്ച് കഴിഞ്ഞ് ഓക്യുപെൻസി/ വീട്ട് നമ്പർ എന്നിവയ്ക്കു അപേക്ഷിച്ചിട്ടുള്ളവർക്കും സ്വന്തം താമസത്തിനു ഉപയോഗിക്കുന്ന വീടുകൾക്കും ഓക്യുപെൻസി/ കെട്ടിട നമ്പർ നൽകേണ്ടതാണ്. ഇതിനു പുറമെ ലൈഫ് പദ്ധതിക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിട സമുച്ചയങ്ങൾക്കു ഭൂപരിധി കണക്കാക്കാതെ നിർമ്മാണ അനുമതി നൽകേണ്ടതാണ്.
- ലൈഫ് പദ്ധതിക്കു സർക്കാരിലേക്കു നിരുപാധികം വിട്ടുനൽകുന്ന ഭൂമിക്കു പരിധി നോക്കാതെ നിർമ്മാണ അനുമതി നൽകണം.
- ഇത്തരം സ്ഥലങ്ങളിൽ മുമ്പ് നിയമാനുസൃതം കെട്ടിട നമ്പറുള്ള കെട്ടിടങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ പുതിയ കെട്ടിടങ്ങൾക്കു നിർമ്മാണ അനുമതി നൽകണം.
- മുമ്പ് നമ്പറുള്ള കെട്ടിടങ്ങൾ ഉണ്ടായിരുന്നതും പിന്നീടു പൊളിച്ചുകളഞ്ഞതുമായ സ്ഥലത്ത് ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് കെട്ടിടനിർമ്മാണ അനുമതി നൽകേണ്ടതാണ്.
- മേൽ സ്വഭാവത്തോടുകൂടിയ സ്ഥലങ്ങളിൽ നിലവിൽ നിയമാനുസൃത നമ്പറോടുകൂടിയ കെട്ടിടം/കെട്ടിടങ്ങൾ/വീട് ഉണ്ടെങ്കിൽ അവയുടെ നവീകരണം നടത്തുന്നതിനോ അനുബന്ധ കൂട്ടിചേർക്കലുകൾ നടത്തുന്നതിനോ അനുമതി നൽകേണ്ടതാണ്.
- മറ്റ് ഗാർഹിക, വാണിജ്യ കെട്ടിടനിർമ്മാണങ്ങൾക്കുള്ള അപേക്ഷയിൽ 22.12.16 ലെ 994733/ ആർ.എ.1/2016/ തസ്വഭവ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് ചീഫ് സെക്രട്ടറിയുടെ 1858832/ആർ.എ.1/2017/തസ്വഭവ.തീയതി 6.12.2017 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.



KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O)
Thrissur-680581 **(for private circulation only)**